# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.203 | 25/04/2017 ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**സർക്കാർ സർവ്വീസിലെ അഴിമതിയും അന്വേഷണ കമ്മീഷനുകളും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | കഴിഞ്ഞ UDF സർക്കാരിലെ മന്ത്രിമാരിൽ അഴിമതി കേസ്സുകളിൽ ഉൾപ്പെട്ട് വിജിലൻസ് അന്വേഷണം നേരിട്ടവരും കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുമായവർ ആരെല്ലാമെന്നും ഏതെല്ലാമാണ് കേസ്സുകൾ എന്നും വ്യക്തമാക്കുമോ; | (ബി) | അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ജുഡീഷ്യൽ അന്വേഷണം ഉൾപ്പെടെ എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചു, എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടു ലഭിച്ചു, ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകൾ ഇനിയും സമർപ്പിക്കാനുണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ചുവടെ ചേർക്കുന്ന മൂന്ന് ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളെ നിയമിച്ചിരുന്നു.<br>1)സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ.<br>2)മരങ്ങാട്ടുപ്പള്ളി സിബിയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ശ്രീ. ഡി. ശ്രീവല്ലഭൻ അന്വേഷണ കമ്മീഷൻ.<br>3) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് എൻ.കൃഷ്ണൻ നായർ അന്വേഷണ കമ്മീഷൻ.<br>ഇവയിൽ ഒരു കമ്മീഷന്റെയും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) | ലഭ്യമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളിൽ നിന്നും കുറ്റക്കാരായി കണ്ടെത്തിയവർ ആരെല്ലാം എന്നും എന്തെല്ലാം നടപടികളാണ് നാളിതുവരെ അവർക്കെതിരെ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ? | (ഡി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - എ

സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുക. ആക്ഷേപമുള്ള ഓഫീസുകളിൽ മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24/06/2016-ാം തീയതിയിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച "Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.

പാരിസ്ഥിതിക ചൂഷണങ്ങൾക്കെതിരെ "എൺവയോൺമെന്റ് റിസ്ക് വിജിലൻസ്" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ കോഴയ്ക്കെതിരെ "Edu-Vigil" പദ്ധതി നടപ്പിലാക്കിവരുന്നു. സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനു വേണ്ടി പ്രാദേശിക വായന ശാലകൾ, ലൈബ്രറികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ "Vig-Net" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. "Zero tolerance to corruption" എന്ന ആശയത്തിലേക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ അഴിമതിയ്ക്കെതിരെ "Trans Vigil" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടറിയേറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും "ഇന്റേണൽ വിജിലൻസ്" വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. അഴിമതിയും ക്രമക്കേടും കുറയ്ക്കാൻ വേണ്ട നടപടികൾ തുടർന്നു വരുന്ന ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി ചേർന്ന് " Anti-Corruption Induction Training " ആരംഭിച്ചു. എല്ലാ വകുപ്പുകളിലേയും അഴിമതിയുടെ പങ്ക് അനുസരിച്ച് / കണക്കനുസരിച്ച് വകുപ്പുകളെ എ,ബി,സി,ഡി ആയി ഗ്രേഡ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം ഗ്രേഡിംഗ് മൂന്നുമാസത്തിലൊരിക്കൽ വിജിലൻസ് ആന്റ് കറപ്ഷന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നു.

# അനുബന്ധം-ബി

| ക്രമ നം | പേര് | കേസ് നമ്പർ | ആരോപണം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ അനൂപ് ജേക്കബ്, മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി | വി.സി 3/17/എസ്.ഐ.യു കെ /സി.എസ് | റേഷൻവസ്തുക്കൾ ദുരുപയോഗം ചെയ്തതു സംബന്ധിച്ച് | അന്വേഷണ ഘട്ടത്തിലാണ് |
| 2 | ശ്രീ. കെ.എം. മാണി, മുൻ ധനകാര്യമന്ത്രി | വി.സി 7/16/ എസ് ഐ.യു.- II/ ഫിൻ | ബ്രോയിലർ ചിക്കൻ ഡീലറായ തോംസൺ ഗ്രൂപ്പിനും ശ്രീധരീയം ആയുർവേദ മെഡിസിനും വേണ്ടി പക്ഷപാതപരമായി പെരുമാറി, ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു തുടങ്ങിയവ സംബന്ധിച്ചുള്ളത് | അന്വേഷണ ഘട്ടത്തിലാണ് |
| 3. | ശ്രീ കെ.എം മാണി, മുൻ ധനകാര്യ മന്ത്രി | വി.സി. 4/16/. കെ.റ്റി.എം. /ഫിൻ | ചങ്ങനാശ്ശേരിയിൽ ലെഡ് ഓക്സൈഡ് വ്യാപാരിക്കുവേണ്ടി പക്ഷപാതപരമായി പെരുമാറിയത് സംബന്ധിച്ച് | അന്വേഷണ ഘട്ടത്തിലാണ് |

| | | | | |
|---|---|---|---|---|
| 4 | ശ്രീ. ഉമ്മൻചാണ്ടി, മുൻ മുഖ്യമന്ത്രി, ശ്രീ. കെ.എം.മാണി മുൻ ധനകാര്യ മന്ത്രി | ക്യു.വി. 07/16/ എസ്.ഐ.യു I/ ലോട്ടറി (CMP 165/16 EC&SJ തിരുവനന്തപുരം ) | കാരുണ്യ ലോട്ടറി ഫണ്ട് ദുരുപയോഗം സംബന്ധിച്ച് | റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. |
| 5 | ശ്രീ. ഉമ്മൻചാണ്ടി, മുൻ മുഖ്യമന്ത്രി, | വി.സി. 3/17/ എസ്.ഐ.യു. I | പാറ്റൂർ ഭൂമി കൈയ്യേറ്റം | അന്വേഷണ ഘട്ടത്തിലാണ്. |
| 6 | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുൻ വനം വകുപ്പ് മന്ത്രി | ക്യു.വി. 34/16/ ഇ.കെ.എം. | മൂവാറ്റുപുഴ എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ ക്യു.വി. 34/16/ഇ.കെ.എം. അന്വേ ഷണം നടന്നുവന്നിരുന്നു.. ശ്രീ. മോഹൻകുമാർ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു പി.സി. 35610/16 ന്റെ ജഡ്ജ്മെന്റ് പുറപ്പെടുവിക്ക ന്നതുവരെ പ്രസ്തുത അന്വേഷണം നിർത്തിവച്ചിട്ടുണ്ട്. | |
| 7 | ശ്രീ. കെ.എം. മാണി, മുൻ ധനകാര്യ മന്ത്രി | വി.സി. 6/14/ എസ്.ഐ.യു.-I | ബാർകോഴ സംബന്ധിച്ച്. CMP EC & SJ, TVPM. | അന്വേഷണ ഘട്ടത്തിലാണ് |
| 8 | ശ്രീ.കെ. ബാബു, മുൻ എക്സൈസ് വകുപ്പ് മന്ത്രി | വി.സി. 5/16/ സി.ആർ.ഇ. | ഹോട്ടലുകൾക്ക് സ്റ്റാർ ലൈസൻസ് നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച്. EC & SJ, Muvattupuzha. | അന്വേഷണ ഘട്ടത്തിലാണ് |
| 9 | ശ്രീ.കെ. ബാബു, മുൻ എക്സൈസ് വകുപ്പ് മന്ത്രി | വി.സി. 17/16/ എസ്.സി.ഇ. /ഇ.എക്സ്.സി. | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച്. Crl P EC & SJ, Muvattupuzha. | അന്വേഷണ ഘട്ടത്തിലാണ്. |

| | | | | |
|---|---|---|---|---|
| 10 | ശ്രീ വി എസ് ശിവ കുമാർ, മുൻ ഗതാഗത വകുപ്പുമന്ത്രി | ക്യു.വി 5/17/റ്റി.വി.എം. /കെ.റ്റി.ഡി.എ ഫ്.സി. CMP 1248/16 വിജിലൻസ് കോടതി, തിരുവനന്തപുരം | തമ്പാനൂർ കെ.എസ്.ആർ ടി.സി ബസ് ടെർമിനൽ നിർമ്മാണം സംബന്ധിച്ച് | അന്വേഷണ ഘട്ടത്തിലാണ്. |
| 11 | ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ.രമേശ് ചെന്നിത്തല, CMP 1153/16 EC & SJ, തിരുവനന്തപുരം. | ക്യു.വി. 01/17/എസ്. ഐ.യു.-I/പോലീസ് | ശ്രീ.ശങ്കർറെഡ്ഡി.ഐ.പി.എസിനു ഡി.ജി.പി. റാങ്ക് നൽകിയ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ആയി നിയമനം നൽകിയതു സംബന്ധിച്ച്. | 20.02.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. |
| 12 | ശ്രീ.അടൂർ പ്രകാശ്, മുൻ റവന്യൂ വകുപ്പ് മന്ത്രി, ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ വകുപ്പ് മന്ത്രി | വി.സി.5/16/എ സ്.ഐ.യു-II | സർക്കാർ ഭൂമി മിച്ച ഭൂമിയായി പ്രഖ്യാപിച്ച് ഭൂപരിഷ്കരണ നിയമങ്ങളിൽ ഇളവു നൽകി പതിച്ചു നൽകിയ ആരോപണങ്ങൾ സംബന്ധിച്ച്. | അന്വേഷണ ഘട്ടത്തിലാണ്. |
| 13 | ശ്രീ.ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രി, ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ വകുപ്പ മന്ത്രി | ക്യു.വി.1/16/സി ആർ.ഇ./കെ. എസ്.ഐ.ഡി. സി. CMP.29/17 തിരുവനന്തപുരം വിജിലൻസ് കോടതി | എമർജിംഗ് കേരള സംഘടനാ ചെലവിലെ അഴിമതി സംബന്ധിച്ച് | ,, |
| 14 | ശ്രീ.സി.എൻ.ബാല കൃഷ്ണൻ, മുൻ സഹകരണ വകുപ്പ് മന്ത്രി | വി.സി.19/16/ എസ്.സി.ഇ. | കൺസ്യൂമർ ഫെഡിലെ അഴിമതി സംബന്ധിച്ച്. | ,, |

| | | | | |
|---|---|---|---|---|
| 15 | 1 ശ്രീ ഉമ്മൻ ചാണ്ടി<br>2 ശ്രീ.അനൂപ് ജേക്കബ്<br>3 ശ്രീ.വി.എസ്. ശിവകുമാർ<br>4. ശ്രീമതി.പി.കെ ജയലക്ഷ്മി<br>5. ശ്രീ.കെ.സി. ജോസഫ്<br>6. ശ്രീ.കെ.എം.മാണി<br>7 ശ്രീ.രമേശ് ചെന്നിത്തല | ക്യു.വി 1/17/എസ്.ഐ.യു-II CMP 1075/16 തിരുവനന്തപുരം വിജിലൻസ് കോടതി | മന്ത്രിമാരുടേയും ഭരണ കക്ഷി രാഷ്ട്രീയ നേതാക്കൻമാരുടേയും ബന്ധുക്കളുടേയും അനധികൃതമായി യോഗ്യതകളില്ലാതെ സർക്കാർ സ്ഥാപനങ്ങളിൽ നിയമിച്ചതായ ആരോപണം സംബന്ധിച്ച് | |
| 16 | എം.കെ. പ്രേമചന്ദ്രൻ, തുറമുഖ വകുപ്പ് മന്ത്രി | ക്യു.വി. 11/12/ എസ്.ഐ.യു-II CMP 2272/11 EC & SJ, തിരുവനന്തപുരം | കടൽ ഭിത്തി നിർമ്മാണത്തിലെ അഴിമതി. | റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. |
| 17 | കെ.പി. മോഹനൻ, മുൻ കൃഷി മന്ത്രി. | വി.സി. 6/17/ടി.എസ്. ആർ/കെ.എഫ്.എൽ. | കേരളാ ഫീഡ്സിലെ നിയമനത്തിലെ ക്രമക്കേട് | അന്വേഷണ ഘട്ടത്തിലാണ്. |
| 18 | കെ.പി. മോഹനൻ, മുൻ കൃഷി മന്ത്രി. | ക്യു.വി. 7/16/ കണ്ണൂർ CMP 12/16 തലശ്ശേരി വിജിലൻസ് കോടതി | പാനൂർ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിലെ അഴിമതി | റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 19 | കെ.പി മോഹനൻ, മുൻ കൃഷി മന്ത്രി | ക്യു.വി 1/13/എസ്.സി. ടി.സി നം 1126/13 ലോക് ആയുക്ത | സ്റ്റേറ്റ് വെയർ ഹൗസിങ് കോർപ്പറേഷൻ നിയമനത്തിലെ ക്രമക്കേട് | റിപ്പോർട്ട് ബഹുമാനപ്പെട്ട ലോകായുക്തയുടെ പരിഗണനയിലാണ്. |

ഇത് കൂടാതെ ഡി.വി.എ.സി.ബിക്ക് നേരിട്ട് ലഭിച്ച പരാതികളിലെ അന്വേഷണങ്ങളുടെ വിവരങ്ങൾ താഴെ നൽകുന്നു.

| | | | | |
|---|---|---|---|---|
| 1 | ശ്രീ. കെ.എം. മാണി, മുൻ ധനകാര്യ മന്ത്രി | ക്യു.വി. 22/14/ എസ്.ഐ.യു. II ഫിൻ | പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പമ്പിന് അനുമതി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിന് ധനകാര്യ മന്ത്രി കൈക്കൂലി വാങ്ങിയെന്ന ആരോപണം സംബന്ധിച്ച്. | അന്വേഷണ ഘട്ടത്തിലാണ്. |
| 2 | ശ്രീ. കെ.എം. മാണി, മുൻ ധനകാര്യ മന്ത്രി | ക്യു.വി. 13/16/ എസ്.ഐ.യു. -II/ ഫിൻ | ക്വാറി, ക്രഷർ ഉടമസ്ഥരിൽ നിന്നും മൈദമാവ് വില്പന വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും കോഴ വാങ്ങിയത് സംബന്ധിച്ച്. | അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്. |
| 3 | ശ്രീ. കെ. ബാബു, മുൻ എക്സൈസ് വകുപ്പ് മന്ത്രി, ശ്രീ. കെ.എം. മാണി, മുൻ ധനകാര്യ മന്ത്രി | ക്യു.വി. 2/17/ എസ്.സി.ഇ. /ഫിൻ | കോട്ടയം ചിങ്ങവനത്തുള്ള ടെസിൽ ഇലക്ട്രോ കെമിക്കൽസ് ലിമിറ്റഡിന്റെ പഴയ മെഷിനറികളും മറ്റു സാധനങ്ങളും വില്പന നികുതി സംബന്ധിച്ച് നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം. | അന്വേഷണ ഘട്ടത്തിലാണ്. |
| 4 | ശ്രീ. കെ.എം. മാണി, മുൻ ധനകാര്യ മന്ത്രി | ക്യു.വി. 1/17/ സി.ആർ.ഇ. /ഫിൻ | വഴിവിട്ട നിയമനം സംബന്ധിച്ച് | അന്വേഷണ ഘട്ടത്തിലാണ്. |